# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5193 — 24.10.2011-ലെ മറുപടിക്ക്

### മീനാട് ശുദ്ധജല പദ്ധതി

**ചോദ്യം**
**ശ്രീ. ജി.എസ്. ജയലാൽ**

**മറുപടി**
**ശ്രീ. പി.ജെ. ജോസഫ്**
**(ജലവിഭവ വകുപ്പ് മന്ത്രി)**

(എ) ജെ.ബി.ഐ.സി.യുടെ ഭാഗമായ മീനാട് ശുദ്ധജല പദ്ധതി നടപ്പിലാക്കുന്നതിലേക്കായി എത്ര പാക്കേജുകളായിട്ടാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്;

(എ) ജെ.ബി.ഐ.സി-യുടെ സഹായത്തോടെയുള്ള മീനാട് ശുദ്ധജല പദ്ധതി നാല് പാക്കേജുകളായി നടപ്പിലാക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) ഓരോ പാക്കേജും എത്രകോടി രൂപയ്ക്കാണ് ടെന്റർ ഏറ്റെടുത്തത്; ഏതു കാലാവധിക്ക് മുൻപാണ് പണി പൂർത്തീകരിക്കുവാൻ കരാർ വച്ചിരുന്നത്; വിശദാംശങ്ങൾ നൽകുമോ;

(ബി) ***പാക്കേജ് 1*** (ഇൻടേക്ക്‌വെൽ, ജലശുദ്ധീകരണശാല മുതലായവ)
കരാറുകാർ: എം/എസ് കിർലോസ്കർ ബ്രദേഴ്സ് ലിമിറ്റഡ് പൂനെ.
കരാർ തുക : 68.6 കോടി രൂപ
കരാർ കാലാവധി : ഏപ്രിൽ 2008 വരെ

***പാക്കേജ്_2*** (ജലശുദ്ധീകരണ ശാലയിൽ നിന്നും വിവിധ ജല സംഭരണികളിലേക്കുള്ള 79.8 കി.മീ ട്രാൻസ്മിഷൻ പൈപ്പ് ലൈനുകൾ ടെലിമെട്രിസെന്ററുകൾ മുതലായവ )
കരാറുകാർ: എം/എസ് എസ്.പി.എം.എൽ. ബാംഗ്ലൂർ
കരാർ തുക: 74.46 കോടി രൂപ
കരാർ കാലാവധി : ഫെബ്രുവരി 2008 വരെ

***പാക്കേജ്_3*** (വിവിധ ജലസംഭരണികളിൽ നിന്നും സ്ഥാപിക്കേണ്ട 924 കി.മീ ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈനുകൾ)
കരാറുകാർ : എം/എസ് കെ.ആർ.കെ.സി. പി.എൽ. ഹൈദരാബാദ്.
കാരാർ തുക: 64.27 കോടി രൂപ
കരാർ കാലാവധി : സെപ്തംബർ 2008 വരെ

പാക്കേജ് 4 ( 14 ജലസംഭരണികൾ അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, സ്റ്റാഫ് ക്വാർട്ടേഴ്സ് മുതലായവ )
കരാറുകാർ : എം/എസ് ഐ.വി.ആർ.സി.എൽ. ഹൈദരാബാദ്.
കരാർ തുക: 24.65 കോടി രൂപ
കരാർ കാലാവധി : ആഗസ്ത് 2008 വരെ

(സി) പൂർണ്ണമായും പൂർത്തീകരിച്ച പാക്കേജുകൾ ഏതൊക്കെയാണ്; ഇനി പൂർത്തീകരിക്കാനുള്ളവ ഏതാണെന്നും എത്രത്തോളം പ്രവൃത്തികൾ ഇനി അവശേഷിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(സി) മൂന്നു പാക്കേജുകളുടെ പ്രവൃത്തികൾ ഏകദേശം പൂർത്തിയായി. പാക്കേജ് 3-ൽ ഏറെ പണികൾ അവശേഷിക്കുന്നു. പൂർത്തീകരിച്ച പാക്കേജുകൾ (ശതമാനത്തിൽ)
പാക്കേജ് 1 - 99.8%
പാക്കേജ് 2 - 99.5%
പാക്കേജ് 4 - 99.8%
പാക്കേജ് 3 - 41% പണി ഇനിയും അവശേഷിക്കുന്നുണ്ട്.

(ഡി) കരാറുകാർക്ക് ഓരോ പാക്കേജിനും എത്ര കോടി രൂപ വീതം നൽകിയിട്ടുണ്ട്; ഏതെങ്കിലും കരാറുകാരുമായി കേസ്സുകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

(ഡി) കരാറുകാർക്ക് ഓരോ പാക്കേജിനും നൽകിയ തുക.
പാക്കേജ് 1 - 62.27 കോടി രൂപ
പാക്കേജ് 2 - 71.66കോടി രൂപ
പാക്കേജ് 3 - 42.40 കോടി രൂപ
പാക്കേജ് 4 - 23.78 കോടി രൂപ

പാക്കേജ്-3 കരാർ എടുത്ത എം/എസ് കെ.ആർ.കെ.സി.പി.എൽ. കരാറിലെ പ്രൈസ് അഡ്ജസ്റ്റ്മെന്റ് വ്യവസ്ഥകളെയും മറ്റും ഹൈക്കോടതിയിൽ കേസ്സ് ഫയൽ ചെയ്തിട്ടുണ്ട്. (ഡബ്ല്യൂ.പി.സി.സി. നം. 5773/2010)

(ഇ) ഏതെങ്കിലും പാക്കേജിൽ കരാർ ഏറ്റെടുത്തയാൾ പണി പൂർത്തീകരിക്കാതെ കരാർ അവസാനിപ്പിച്ച് പോയിട്ടുണ്ടോ;

(ഇ) പാക്കേജ് 3 - ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള കോൺട്രാക്ടർ പ്രസ്തുത ജോലി നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കോൺട്രാക്ട് റിസ്ക് & കോസ്റ്റ് വ്യവസ്ഥ ബാധകമാക്കി ടെർമിനേറ്റ് ചെയ്തിട്ടുണ്ട്.

(എഫ്) എങ്കിൽ കരാർ അവസാനിപ്പിക്കുകയും പണി ശേഷിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രവൃത്തി എങ്ങനെപൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(എഫ്) & (ജി) അവശേഷിക്കുന്ന പണികൾ പൂർത്തിയാക്കുന്നതിന് റീടെൻഡറിംഗ് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന് വേണ്ടി വരുന്ന തുക പ്രോജക്ടിൽ തന്നെ വകയിരുത്തുകയും

കൂടുതൽ തുക ആവശ്യമായി വന്നാൽ എന്തു നടപടി സ്വീകരിക്കും;

മുൻകരാറുകാരനിൽ നിന്നും കരാർ പ്രകാരം അധിക തുക ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. പ്രോജക്ടിന്റെ മൊത്തം എസ്റ്റിമേറ്റിനുള്ളിൽ ഇതു സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ജി) **ശേഷിക്കുന്ന തുകകൊണ്ട് പണി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് കരുതുന്നുണ്ടോ;**

(എച്ച്) **വിദേശസാങ്കേതിക മികവോടെ നടപ്പിലാക്കിയ മീനാട് ശുദ്ധജല പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയാത്ത അവസ്ഥ എങ്ങനെയുണ്ടായി എന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ വിവരം വ്യക്തമാക്കുമോ ?**

(എച്ച്) ഡിസ്ട്രിബ്യൂഷൻ നെറ്റ്‌വർക്ക് പൈപ്പുകൾ ഇടുന്നതിനുള്ള പാക്കേജ് - 3 കരാറുകാരൻ വരുത്തിയ വീഴ്ചയാണ് മീനാട് പദ്ധതിപൂർത്തിയാക്കാൻ കഴിയാത്തതിന്റെ പ്രധാന കാരണം. പ്രസ്തുത കരാർ 3/9/2011-ൽ റദ്ദാക്കുകയും അവശേഷിക്കുന്ന 41 ശതമാനത്തോളം പണികൾ പൂർത്തിയാക്കുന്നതിന് റീ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരികയാണ്. പാക്കേജ് 1, 2, 4 എന്നിവയുടെ പണികളും ഉദ്ദേശിച്ച സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലെങ്കിലും അവയെല്ലാം ഇപ്പോൾ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ